**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5266** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി. പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന കെ.ജി.റ്റി. പരീക്ഷകളും കോഴ്സുകളും ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | 1. കെ.ജി.റ്റി.ഇ പ്രീ പ്രസ്സ് ഓപ്പറേഷൻ<br>2. കെ.ജി.റ്റി.ഇ പ്രസ്സ് വർക്ക്<br>3. കെ.ജി.റ്റി.ഇ പോസ്റ്റ് ഓപ്പറേഷൻ & ഫിനിഷിങ് |
| (ബി) | കെ.ജി.റ്റി. പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക്ഏതെങ്കിലും സ്ഥാപനത്തിൽ പോയി പഠിക്കാതെ സ്വയം പരിശീലനം നടത്തി പങ്കെടുക്കാൻ കഴിയുന്ന പരീക്ഷകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന കെ.ജി.റ്റി.ഇ കോഴ്സുകൾ എല്ലാം തന്നെ റെഗുലർ കോഴ്സുകളാണ്. സ്ഥാപനത്തിൽ പോകാതെ ടി കോഴ്സുകൾ പഠിക്കുവാനോ, പരീക്ഷ എഴുതുവാനോ, സാധിക്കുന്നതല്ല. പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷ എഴുതുന്നതിന് ഏതെങ്കിലും റഗുലർ കോഴ്സ് പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. എസ്.എസ്.എൽ.സി പാസ്സായവർക്ക് ഓൺലൈനായി പരീക്ഷയ്ക്ക് അപേക്ഷ നൽകാവുന്നതാണ്. |
| (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കെ.ജി.റ്റി. പരീക്ഷകൾക്ക് സമാനമായിട്ടുള്ള ഏതെല്ലാം മദ്രാസ് ഗവണ്മെന്റ് ടെക്നിക്കൽ (എം.ജി.റ്റി.) പരീക്ഷകൾക്കും സർട്ടിഫിക്കറ്റുകൾക്കുമാണ് തുല്യതാ സർട്ടിഫിക്കറ്റ് നൽകി വരുന്നതെന്ന് പറയാമോ? | (സി) | i) MGTE/TGTE Machine Work (Lower/Higher) or Letter press printing Machine Work കോഴ്സ്, KGTE (Higher/ Lower) printing കോഴ്സിന് തുല്യമാണെന്ന് 04.05.2022ലെ സ.ഉ (സാധാ) നം. 632/2022/ ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ii) പ്രിന്റിംഗ് വിഷയങ്ങളിലെ MGTE (Higher & Lower) സർട്ടിഫിക്കറ്റുകൾ അതത് വിഷയങ്ങളിലെ KGTE (Higher & Lower) സർട്ടിഫിക്കറ്റിന് തുല്യമാണെന്ന് 15.06.2022 ലെ സ.ഉ(സാധാ) നം. 890/2022/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ